# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂൺ 5**

---

## എം.ജി സർവകലാശാലയുടെ കോളജുകളിൽ ഡിഗ്രി; അപേക്ഷിക്കാൻ രണ്ടു ദിവസം കൂടി

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ഡിഗ്രി, ഇന്റഗ്രേറ്റഡ് ഡിഗ്രി പ്രോഗ്രാമുകളിലും സർവകലാശാലയുടെ ഗ്രാജ്വേറ്റ് സ്കൂൾ നടത്തുന്ന 4+1 ഓണേഴ്സ് പ്രോഗ്രാമുകളിലും പ്രവേശനത്തിന് ഓൺലൈനിൽ രജിസ്റ്റർ ചെയ്യാൻ രണ്ടു ദിവസം കൂടി.* cap.mgu.ac.in *വഴി നാളെ(ജൂൺ 7) വൈകുന്നേരം വരെയാണ് അപേക്ഷകൾ സ്വീകരിക്കുക.*

*എയ്ഡഡ് കോളജുകളിലെ കമ്യൂണിറ്റി മെറിറ്റ് , മാനേജ്മെൻറ് ക്വാട്ട, സ്പോർട്സ്, ഭിന്നശേഷി ക്വാട്ടകൾ എന്നിവയിൽ പ്രവേശനം തേടുന്നവരും ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം. സാധ്യതാ അലോട്ട്മെന്റ് ജൂൺ 12നും ആദ്യ അലോട്ട്മെൻറ് ജൂൺ 18നും പ്രസിദ്ധീകരിക്കും.*

*(പി.ആർ.ഒ/39/1661/2025)*

## എം.ജി സർവകലാശാലയിൽ പരിസ്ഥിതി ദിനം ആഘോഷിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിസ്ഥിതി ദിനാഘോഷം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു.*

*സിൻഡിക്കേറ്റ് അംഗം ഡോ. എ. എസ്. സുമേഷ്, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ മേധാവി ഡോ. എം.കെ. ബിജു, ഗ്രാജ്വേറ്റ് സ്കൂൾ ഡയറക്ടർ ഡോ. കെ. ജയചന്ദ്രൻ, സെനറ്റ് അംഗം എം.എസ്. സുരേഷ്, നാഷണൽ സർവീസ് സ്കീം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ തുടങ്ങിയവർ പങ്കെടുത്തു.*

*ഫോട്ടോ ക്യാപ്ഷൻ...*
*മഹാത്മാ ഗാന്ധി സർവകലാശാലയിൽ പരിസ്ഥിതി ദിനാഘോഷം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഒ/39/1662/2025)*

**<u>പ്രാക്ടിക്കൽ</u>**

*നാലാം സെമസ്റ്റർ ബിഎ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, ബിഎ വിഷ്വൽ ആർട്സ്, ബിഎ ആനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ് (സിബിസിഎസ് പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 12 മുതൽ ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1663/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**